## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1858 07.03.2018 – ൽ മറുപടിക്ക്

## അപാകതകൾ പരിഹരിച്ച് റേഷൻകാർഡ് അനുവദിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്ന നടപടികൾ എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നറിയിക്കാമോ; | (എ) നിലവിൽ 99 % റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. |
| (ബി) മുൻപ് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന നിർധന കുടുംബങ്ങളിൽ പലതും പുതിയ കാർഡ് ലഭിച്ചപ്പോൾ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടാതെ പോയ സാഹചര്യത്തിൽ അപാകതകൾ പരിഹരിച്ച് അർഹരായ മുഴുവൻ കുടുംബങ്ങളേയും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പ്രകാരം തയ്യാറാക്കിയ അന്തിമ മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിന്മേൽ പരിശോധന നടത്തി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ